**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 131** | **01-02-2023 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ അക്രമങ്ങൾ തടയാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ്</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ)</td><td>സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയതിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കു വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th colspan="2">സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം</th></tr>
<tr><td>2020</td><td>31</td></tr>
<tr><td>2021</td><td>42</td></tr>
<tr><td>2022</td><td>62</td></tr>
<tr><td>2023 ജനുവരി 4 വരെ</td><td>6</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഗുണ്ടാ അക്രമങ്ങളും കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;</td><td>(ബി)</td><td>സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളും ലഹരി ഉപയോഗവും മറ്റും തടയുന്നതിന് വേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്ത് ഗുണ്ടകൾ, മറ്റ് സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഘങ്ങൾ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ DySP/ACP-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസ് ഉദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങൾ ആണ്. അതാത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ്</td></tr>
</table>

പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ട സമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC യുടെ ഉദ്ദേശ്യ ലക്ഷ്യം. ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crimes Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

സംസ്ഥാ നത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് കാപ്പ നിയമ പ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്.

പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്ന പേരിൽ ഒരു കാമ്പെയിൻ ആരംഭിച്ചിട്ടുണ്ട്.

ലഹരി മാഫിയ സൃഷ്ടിക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾ തടയുന്നതിനായി പോലീസ് നിരീക്ഷണവും പട്രോളിംഗും ശക്തമാക്കിയിട്ടുള്ളതും കൃത്യമായ ഇടവേളകളിൽ പരിശോധനകളും സ്പെഷ്യൽ ഡ്രൈവുകളും നടത്തി വരികയും ചെയ്യുന്നു. മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെടുന്നവർക്കെതിരെ 31, 34 NDPS Act പ്രകാരം ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സ്ഥിരം NDPS കേസുകളിൽ ഉൾപ്പെടുന്നവർക്കെതിരെ RHS,

| | | | |
|---|---|---|---|
| | | | 107 CrPC, PITNDPS Act, KAAPA Act പ്രകാരവും Commercial Quantity കേസുകളിൽ ഉൾപ്പെടുന്ന വരുടെ സ്വത്ത് കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.<br><br>Anti Narcotic Project, KANSAF, DANSAF, Yodhav, CAP തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് വരുന്നു. കേരള പോലീസിന്റെ Community Policing പദ്ധതിയായ ജനമൈത്രി പ്രോജക്റ്റിലൂടെയും മാതൃകാ പൗരന്മാരെ വളർത്തി യെടുക്കുന്നതിനായി നടപ്പിലാക്കി വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റിലൂടെയും പൊതു സമൂഹത്തിലും വിദ്യാർത്ഥികളുടെ ഇടയിലും ലഹരിക്കെതിരായി വിവിധ കാമ്പയിനുകൾ നടത്തി വരുന്നു. 'Say No to Drugs' എന്ന സർക്കാർ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്ത് ലഹരി ഉപയോഗം വർദ്ധിക്കുന്നത് മൂലമുള്ള ഗുണ്ടാ ആക്രമണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | (ബി)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ